പതിന്നാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 2931 — 18/06/2018 ൽ മറുപടിക്ക്

# ഇ-വില്ലേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ വില്ലേജ് (എ) ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരണത്തിലൂടെ ഇ-വില്ലേജ് ആക്കുന്ന പദ്ധതി നിലവിൽ ഉണ്ടോ; ഇതിലൂടെ ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ എന്തെല്ലാമാണ്; | ഇ-വില്ലേജ് എന്ന പേരിൽ ഒരു പദ്ധതി നിലവിലില്ല. എന്നാൽ റവന്യൂ വകുപ്പിൽ ഇ-ഗവേർണൻസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് വില്ലേജ് ഓഫീസുകളിൽ നടപ്പിലാക്കി വരുന്നു.<br>1) <u>ഇ-ഡിസ്ട്രിക്ട്</u> - വില്ലേജ്/താലൂക്ക് ഓഫീസുകളിൽ നിന്നും വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി. വില്ലേജ്/താലൂക്ക് ഓഫീസുകളിൽ നിന്നും നൽകിവരുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഈ പദ്ധതി മുഖേന ഓൺലൈനായി നൽകിവരുന്നു.<br>2) <u>സംയോജിത ഓൺലൈൻ പോക്കുവരവ്</u> - ഭൂസംബന്ധമായി റവന്യൂ , രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, ആധുനിക വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ ഭൂമിയുടെ പോക്കുവരവ് നടപടികൾ വേഗത്തിലും, സുതാര്യമായും, കുറ്റമറ്റ രീതിയിലും ഓൺലൈൻ മുഖേന സാധ്യമാക്കുന്നു.<br>3) <u>ഇ-പെയ്മെന്റ്</u> - റവന്യൂ വകുപ്പിലെ വിവിധ നികുതികൾ, സാമ്പത്തിക സേവനങ്ങൾ, വിവിധ ഇനം ഫീസുകൾ എന്നിവ ഇ-ട്രഷറി സംവിധാനവുമായി സംയോജിപ്പിച്ചുകൊണ്ട് ഓൺലൈൻ വഴി ഒടുക്കുന്നതിനുള്ള സംവിധാനം എന്നതാണ് ഇതുകൊണ്ട് ലക്ഷ്യമിടുന്നത്.<br>4) <u>ആർ.ആർ.ഓൺലൈൻ</u> - ഓഫ് ലൈൻ, ഓൺലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച്, റിക്വിസിഷൻ ഓഫീസ് മുതൽ വില്ലേജ് തലം വരെ നിലവിലുള്ള ഓൺലൈൻ സംവിധാനം വഴി |

അർത്ഥനാധികാരികൾക്ക് റവന്യൂ റിക്കവറി സംബന്ധിച്ച വിവരങ്ങൾ നേരിട്ട് രേഖപ്പെടുത്തുവാനും ജില്ല, താലൂക്ക് അധികാരികൾക്ക് ഓൺലൈനായി റവന്യൂ റിക്കവറി സംബന്ധിച്ച് നടപടികൾ സ്വീകരിക്കുവാനും കഴിയും.

| | |
|---|---|
| (ബി) ഇത്തരത്തിൽ പരിഷ്കരിച്ച വില്ലേജുകൾ ഏതെല്ലാമാണ്; പരിഷ്കരണത്തിനു ശേഷം ഉദ്ദേശിച്ച രീതിയിലുള്ള സേവനം നൽകുന്നതിന് സാധിച്ചിട്ടുണ്ടോ? | (ബി) ഇ-ഡിസ്ട്രിക്റ്റ്, ആർ.ആർ.ഓൺലൈൻ എന്നിവ സംസ്ഥാനത്തെ എല്ലാ വില്ലേജുകളിലും നടപ്പിലാക്കിയിട്ടുണ്ട്. ഓൺലൈൻ പോക്കുവരവ്, ഓൺലൈൻ ഭൂനികുതി സംവിധാനങ്ങൾ സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 1586 എണ്ണത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. പരിഷ്കരണത്തിനുശേഷം നടപടികൾ വേഗത്തിലും, സുതാര്യമായും കുറ്റമറ്റ രീതിയിലും നടപ്പിലാക്കുവാനും സേവനങ്ങൾ സമയബന്ധിതമായി നൽകുവാനും കഴിയുന്നുണ്ട്. |

സെക്ഷൻ ഓഫീസർ